1999-2000 വർഷത്തിൽ 30.11.1999 വരെ 11 തവണ- 871..63 കോടിരൂപ

(ബി) 1994-95-ൽ 28 തവണ - 128.52 കോടി രൂപ

1995-96-ൽ ഇല്ല

1996-97-ൽ 5 തവണ - 108.16 കോടി രൂപ

1997-98-ൽ 41 തവണ - 273.41 കോടി രൂപ

1998-99-ൽ 173 തവണ - 1634.01 കോടി രൂപ

1999-2000-ൽ 30.11.1999 വരെ 117 തവണ

അന്തിമ തുകയുടെ വിവരം ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ പുതിയതായി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

2 (290) കടപ്പത്രം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്ത് തുകയ്ക്കുള്ള കടപ്പത്രം എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം തീയതികളിലാണ് ഇതിനുള്ള കടപ്പത്രം പുറപ്പെടുവിച്ചത്;

(സി) കടപ്പത്രം ക്ലോസ് ചെയ്യുന്നതിനുള്ള കാലാവധി എന്നെല്ലാം ആയിരുന്നു;

(ഡി) ഓരോ പ്രാവശ്യം നിർദ്ദിഷ്ട തുക കിട്ടുവാൻ ഈ തീയതി നീട്ടേണ്ടതായി വന്നിട്ടുണ്ടോ;

(ഇ) കടപ്പത്രം മുഖേന സമാഹരിച്ച തുക എന്തിനെല്ലാം വേണ്ടി വിനിയോഗിച്ച് എന്ന് അറിയിക്കുമോ;

ഉത്തരം

(എ) 200 കോടി രൂപയ്ക്കുള്ള കടപ്പത്രം ആദ്യ ഗഡുവായി കെ.ഐ.ഐ. എഫ്. മുഖേന എടുത്തിട്ടുണ്ട്. അതിന്റെ മൊത്തം തുക 500 കോടി രൂപയാണ്.

(ബി) 1999 നവംബർ 15-ാം തീയതിയാണ് കടപ്പത്രം പുറപ്പെടുവിച്ചത്.

(സി) 4.12.1999 ആയിരുന്നു. പിന്നീട് അത് 15.12.1999 ആയി ദീർഘിപ്പിച്ചു.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല.

3 (291) സംസ്ഥാന ഗവൺമെന്റിന്റെ കടപ്പത്രം

ശ്രീമതി റോസമ്മ ചാക്കോ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് എത്രകോടിയുടെ കടപ്പത്രമാണ് 1999 നവംബർ, ഡിസംബർ മാസങ്ങളിൽ ഇറക്കിയത്;

(ബി) ഈ കടപ്പത്രത്തിൽ നിന്ന് എന്ത് തുക പിരിഞ്ഞുകിട്ടിയെന്ന് അറിയിക്കുമോ;

(സി) ഈ കടപ്പത്രത്തിന്റെ വിൽപ്പന ആര് മുഖേനയാണ് നടത്തിയത്;

(ഡി) കടപ്പത്രം വിൽപന നടത്തിയ സ്ഥാപനത്തിന് എന്ത് തുക കമ്മീഷൻ നൽകിയെന്ന് അറിയിക്കുമോ;

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് കടപ്പത്രം ഇറക്കിയിട്ടില്ല. സർക്കാരിനു വേണ്ടി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ് 500 കോടി രൂപയുടെ കടപ്പത്രം ഇറക്കിയത്. ഇതിൽ ആദ്യ ഗഡുവായി 200 കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) കണക്കാക്കി വരുന്നു.

(സി) എസ്.ബി.ഐ. ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, മുംബൈ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവർ മുഖേന.

(ഡി) കണക്കാക്കി വരുന്നു.

4 (292) സംസ്ഥാന സർക്കാരിന്റെ കടപ്പത്രം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി കടപ്പത്രം പുറപ്പെടുവിക്കാൻ കാരണം എന്താണ്;

(ബി) കടപ്പത്രത്തിലൂടെ ലഭ്യമായ തുക എന്താവശ്യത്തിനാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;0

(സി) കടപ്പത്രത്തിലേയ്ക്ക് എന്തു തുക പിരിഞ്ഞു കിട്ടിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരും മറ്റു ഏജൻസികളും ഏറ്റെടുക്കുന്ന വിവിധ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന തിലേക്ക് വിനിയോഗിക്കാനായി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴിയാണ് കടപ്പത്രം പുറപ്പെടുവിച്ച് തുക സമാഹരിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ റോഡ്, ജലസേചനം, ശുദ്ധജലവിതരണം ഉൾനാടൻ ഗതാഗതം, വൈദ്യുതി, തുറമുഖം, ചവറ് സംസ്കരണം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly